# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025-26

# സാധ്യം



## ജി എച്ച് എസ് എസ് പടിയൂർ

## സ്കൂൾ വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | : ജി എച്ച് എസ് എസ് പടിയൂർ |
| റവന്യൂ ജില്ല | : കണ്ണൂർ |
| സ്കൂൾ കോഡ് | : 13121 |
| വിലാസം | : പടിയൂർ പി ഒ ,കണ്ണൂർ -670703 |
| Phone number | : 9495842002 |
| email id | : govthighschoolpadiyoor@gmail.com |
| ഗ്രാമപഞ്ചായത്ത് | : പടിയൂർ- കല്യാട് |
| വിദ്യാഭ്യാസ ജില്ല | : തളിപ്പറമ്പ് |
| സബ്ജില്ല | : ഇരിക്കൂർ |
| ക്ലാസുകൾ | : 8 മുതൽ 10 വരെ |
| പഠനമാധ്യമം | : മലയാളം ,ഇംഗ്ലീഷ് |

# ആമുഖം

കണ്ണൂർ ജില്ലയിലെ മലയോരഗ്രാമമായ പടിയൂരിലെ സർക്കാർ മേഖലയിലുള്ള ഏക വിദ്യാലയമാണ് ജി എച്ച് എസ് എസ് പടിയൂർ ജില്ലയിലെ തന്നെ ശ്രദ്ധേയമായ ഒരു വിദ്യാലയം ആണ്.പ്രാരംഭകാലം മുതൽ എസ് എസ് എൽ സി പരീക്ഷയിൽ തുടർച്ചയായി നൂറുശതമാനം വിജയവും മുഴുവൻ വിഷയങ്ങളിലും എ പ്ലസ് നേടുന്ന കുട്ടികളുടെ എണ്ണം വർദ്ധിപ്പിച്ചും കൊണ്ട് മികവാർന്ന പ്രവർത്തനങ്ങളുമായി മുന്നേറുന്നു.വിവിധ സ്കോളർഷിപ്പ് പരീക്ഷകൾക്ക് പരിശീലനം നൽകി വിജയം നേടാൻ വിദ്യാലയത്തിന് കഴിഞ്ഞു കലാകായിക പ്രവർത്തനങ്ങളും ക്ലബ് പ്രവർത്തനങ്ങളും സജീവമാക്കികൊണ്ട് സംസ്ഥാനതലം വരെ സാന്നിധ്യമറിയിക്കാൻ കഴിഞ്ഞു .

സമഗ്രഗുണമേന്മ വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണെന്ന് ബോധ്യത്തോടെ കൃത്യമായ ആസൂത്രണവുമായി ചിട്ടയായ പരിശീലനം വിദ്യാർത്ഥികൾക്ക് നൽകുന്നത് ജി എച്ച് എസ് എസ് പടിയൂർ ഉത്തരവാദിത്തമായി കാണുന്നു .ഉൾച്ചേരൽ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം മനസിലാക്കി ആ വിഭാഗത്തിലുള്ള കുട്ടികൾക്ക് പ്രത്യേകം തയ്യാറാക്കിയ ക്ലാസ് മുറിയും specialist ടീച്ചറുടെ സേവനവും ഉറപ്പാക്കിയിട്ടുണ്ട്.കൗമാരപ്രശ്നങ്ങളെ പരിഹരിക്കുന്നതിന് വിദഗ്ധമായ കൗൺസിലിങ് വിദ്യാലയത്തിന്റെ പ്രത്യേകതയാണ്. വിദ്യാലയത്തിന്റെ പ്രവർത്തനങ്ങൾ കൃത്യമായി വിലയിരുത്തുകയും പരിഹാരപ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്. പൊതുവിദ്യാഭ്യാസപ്രവർത്തനങ്ങൾക്ക് അധ്യാപകർക്കു പിന്തുണ നൽകി സ്കൂൾ പി ടി എ ,പ്രാദേശിക ഭരണകൂടങ്ങൾ ,ജനപ്രതിനിധികൾ, സന്നദ്ധപ്രവർത്തകർ ,പൂർവ്വവിദ്യാർഥികൾ നാട്ടുകാർ എന്നിവർ രംഗത്തുണ്ട് .പ്രധാനഅധ്യാപകനെ കൂടാതെ പതിനഞ്ചു അധ്യാപകരും നാല് അനധ്യാപകരും ജി എച്ച് എസ് എസ് പടിയൂരിലുണ്ട്

അഞ്ചേക്കർ ഉള്ള ഭൂമിയിൽ മനോഹരമായ കെട്ടിടം വിദ്യാലയത്തിന് സ്വന്തമായുണ്ട് .9 ഹൈടെക് ക്ലാസ് മുറികളും ഐ ടി ലാബ് ശാസ്ത്രപോഷിണി ലാബുകൾ, മികച്ച ലൈബ്രറി, ആർട് റൂം ,മെയിൻ ഹാൾ ,ഓഡിറ്റോറിയം ,ഒരു ഓപ്പൺ ഓഡിറ്റോറിയം എന്നിവ വിദ്യാലയത്തിൽ സജ്ജമാക്കിയിട്ടുണ്ട് .വൃത്തിയുള്ള പാചകപ്പുരയും ഭക്ഷണശാലയും ഒരുക്കിയിട്ടുണ്ട്.

അസുഖമോ ക്ഷീണമോ ഉള്ള കുട്ടികൾക്കായി വിശ്രമമുറിയും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ആവശ്യത്തിനുള്ള ശുചിമുറികളുണ്ട്.കുട്ടികൾക്ക് കളിക്കുന്നതിന് വിശാലമായ മൈതാനംഉണ്ടെങ്കിലും കായികപരിശീലനത്തിനു ഉപയോഗപ്പെടുന്ന രീതിയിൽ ഇനിയും സജ്ജമാകേണ്ടതുണ്ട് .

പ്രധാനപാതയിൽ നിന്ന് വിദ്യാലയത്തിലേക്കുള്ള വഴി ഇനിയും പണി പൂർത്തിയാകാത്തത് ചില കുട്ടികൾക്കും രക്ഷിതാക്കൾക്കുമെങ്കിലും ഈ വിദ്യാലയത്തിൽ പ്രവേശനം നേടുന്നതിന് വിമുഖത ഉണ്ടാക്കുന്നുണ്ട് .

പിന്നിട്ട വർഷങ്ങളിൽ നേടിയ വിജയത്തിളക്കത്തിൽ ഊന്നിക്കൊണ്ട് ഇനിയും മുന്നേറാനുണ്ട് എന്ന ബോധ്യത്തോടെ ഈ വർഷവും വിദ്യാലയത്തിലേക്കെത്തുന്ന കുട്ടികളെ ലോകത്തിന്റെ സമഗ്രപുരോഗതിക്ക് കണ്ണിചേരുന്ന വ്യക്തിത്വങ്ങളാക്കി മാറ്റുന്നതിന് വേണ്ടിയാണ് അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

# അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

## വികസന ലക്ഷ്യങ്ങൾ

- ഭാഷാശേഷി വികസനം
- ഗണിതശേഷി വികസനം
- ഇംഗ്ലീഷ് പഠനം - അനായാസകരമാക്കൽ
- വായനശേഷി വർദ്ധിപ്പിക്കൽ
- ശാസ്ത്രപോഷണ പരിപാടി
- ലാബോറട്ടറി നവീകരണം - ശാസ്ത്രം ,ഗണിതം , സാമൂഹ്യശാസ്ത്രം
- പ്രതിഭാപോഷണ പരിപാടി
- ലൈബ്രറി ശാക്തീകരണം
- ജൈവ വൈവിധ്യ പാർക്ക് -ഒരുക്കൽ
- സ്കോളർഷിപ്പ് പരീക്ഷ പരിശീലനം
- കലാപരിപോഷണം
- പച്ചക്കറിത്തോട്ടം
- സാഹിത്യശില്പശാലകൾ

- മെഡിക്കൽ ക്യാമ്പുകൾ
- രക്തഗ്രൂപ്പ് നിർണയം
- ക്ലാസ് PTA കാര്യക്ഷമമാക്കൽ
- സ്കൂൾ ബ്ലോഗ് കാര്യക്ഷമമാക്കൽ
- ഭാഷ ലാബ്
- ദിനാചരണങ്ങൾ - ശക്തിപ്പെടുത്തൽ
- ഗവേഷണാത്മക പഠനം
- കായികശേഷി വികസനം
- വിലയിരുത്തൽ കാര്യക്ഷമമാക്കൽ
- ചോദ്യപേപ്പർ ശില്പശാല
- ഐ ടി പഠനം - കാര്യക്ഷമമാക്കൽ
- ജന്മദിന പുസ്തകം
- ചിത്രരചന ക്യാമ്പ്
- ശാസ്ത്ര ,ഗണിതശാസ്ത്ര ,സാമൂഹ്യശാസ്ത്ര ,ഐ ടി ,പ്രവൃത്തിപരിചയമേള

# അക്കാദമിക മാസ്റ്റർ പ്ലാൻ

## നിർവഹണപദ്ധതി

വിദ്യാലയത്തിന്റെ പേര് : ജി എച്ച് എസ് എസ് പടിയൂർ

വിഭാഗം : ഹൈസ്കൂൾ

വിഷയം : മലയാളം

പ്രതീക്ഷിതനേട്ടങ്ങൾ:

1. ഭാഷശേഷി വികസിപ്പിക്കൽ
2. വായനാശീലം വളർത്തൽ
3. സർഗാത്മകപ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കൽ

| ക്രമ നമ്പർ | പ്രവർത്തനം | പ്രവർത്തനഘട്ടങ്ങൾ | മാസം | നിർവഹണകാലം | | | | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| | | | | ആഴ്ച 1 | ആഴ്ച 2 | ആഴ്ച 3 | ആഴ്ച 4 | |
| 1 | മലയാളത്തിളക്കം | ഭാഷാശേഷി പരിശോധന | ജൂൺ | ✓ | | | | |
| | | മൊഡ്യൂൾ തയ്യാറാക്കൽ, രക്ഷിതാക്കൾക്ക് ബോധവൽക്കരണം | | | ✓ | | | |
| | | ടൈംടേബിൾ തയ്യാറാക്കൽ, കുട്ടികൾക്ക് ഉള്ള പരിശീലനം | | | | ✓ | ✓ | |
| | വായന | വായനാനുഭവം പങ്കുവയ്ക്കൽ | | | ✓ | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 2 | പ്രോത്സാഹിപ്പിക്കൽ | ലൈബ്രറി പരിചയപ്പെടൽ | ജൂൺ | | | ✓ | | |
| | | പുസ്തകങ്ങൾ തിരഞ്ഞെടുത്തു വായന, വായനയുടെ അടിസ്ഥാനത്തിൽ രചന | | | | ✓ | ✓ | |
| 3 | മലയാളത്തിളക്കം | പരിശീലനം തുടരുന്നു | ജൂലൈ | ✓ | ✓ | ✓ | ✓ | |
| | | അനുഭവങ്ങളുടെ വെളിച്ചത്തിൽ സർഗാത്മക രചന | | | | | ✓ | |
| 4 | ബഷീർ സാഹിത്യപ്രപഞ്ചത്തിലേക്ക് | ബഷീർകൃതികളുടെ വായന | ജൂലൈ | | ✓ | | | |
| | | വായനയിൽ നിന്നും സർഗസൃഷ്ടി | | | ✓ | | | |
| 5 | ചരിത്രം സാഹിത്യത്തിൽ | ചരിത്രപുരുഷന്മാർ ,ചരിത്രസംഭവങ്ങൾ ഇവയെ ആസ്പദമാക്കിയുള്ള രചനകൾ ശേഖരിച്ചുപതിപ്പ് നിർമാണം | ആഗസ്റ്റ് | | | ✓ | ✓ | |
| 6 | ശില്പശാല | കവിതാസ്വാദനശില്പശാല | സെപ്റ്റംബർ | | | | ✓ | |
| 7 | ഗാന്ധിസാഹിത്യം | ഗാന്ധിജിയെ കുറിച്ചുള്ള രചനകളുടെ ആസ്വാദനം | ഒക്ടോബർ | | | | ✓ | |
| 8 | പതിപ്പ് നിർമാണം | ആത്മകഥാംശമുള്ള സാഹിത്യരചനകൾ വായിക്കാൻ അവസരം നൽകുന്നു | നവംബർ | ✓ | | | | |
| | | കുട്ടികളുടെ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ സർഗാത്മക രചനകൾ നടത്താൻ അവസരം നൽകുന്നു | | | ✓ | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | എഡിറ്റോറിയൽ ബോർഡ് രൂപീകരണം<br>രചനകൾ ശേഖരിച്ചു പതിപ്പ് നിർമാണം<br>പ്രകാശനം | | | | ✓ | ✓ | |
| 9 | പ്രശ്നോത്തരി | കേരളത്തിന്റെ ചരിത്രം, സംസ്കാരം , മാതൃഭാഷയുടെയും സാഹിത്യത്തിന്റെയും വളർച്ച ,വികാസപരിണാമങ്ങൾ എന്നിവ മനസിലാക്കുന്നതിനുള്ള വായനയ്ക്ക് നിർദ്ദേശിക്കുന്നു<br>പ്രശ്നോത്തരി നടത്തി വിജയികളെ കണ്ടെത്തുന്നു ,സമ്മാനം നൽകുന്നു | | ✓ | ✓ | | | |
| 10 | സെമിനാർ | തൊഴിൽ മേഖലകളിലെ ചൂഷണം ,അഴിമതി ,കെടുകാര്യസ്ഥത,എന്നിവ പ്രമേയമായി വരുന്ന സാഹിത്യരചനകൾ വായിക്കുന്നു<br>അവയുടെ സമകാലിക പ്രസക്തി ഗ്രൂപ്പുകളിൽ ചർച്ച ചെയ്യുന്നു<br>പ്രബന്ധം തയ്യാറാക്കുന്നു | ഡിസംബർ | ✓ | ✓ | ✓ | ✓ | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | സെമിനാർ അവതരിപ്പിക്കുന്നു<br>സെമിനാര് റിപ്പോർട്ട് തയ്യാറാക്കുന്നു | | | | | | |
| 11 | കവിയരങ്ങ് | മാതൃഭാഷയുടെ മഹത്വം പ്രമേയമായി വരുന്ന കവിതകൾ ശേഖരിക്കുന്നു<br>കവിയരങ്ങിനുവേണ്ട ഒരുക്കങ്ങൾക്ക് ഗ്രൂപ്പുകളെ ചുമതലപ്പെടുത്തുന്നു<br>അവതരണം | | ✓ | ✓ | ✓ | | |
| 12 | ചിത്ര ആൽബം | കേരളത്തിന്റെ സമ്പന്നമായ കലാപാരമ്പര്യത്തെ സംബന്ധിച്ചുള്ള ചിത്രങ്ങൾ ശേഖരിക്കാൻ നിർദ്ദേശിക്കുന്നു<br>കലാരൂപങ്ങൾ പട്ടികപ്പെടുത്തുന്നു<br>അടിക്കുറിപ്പുകൾ തയ്യാറാക്കുന്നു<br>കവർപേജ് തയ്യാറാക്കുന്നു<br>ആൽബം രൂപപ്പെടുത്തി പ്രകാശനം നടത്തുന്നു | ജനുവരി | ✓ | ✓ | ✓ | ✓ | |
| | ആസ്വാദനരചനാപതിപ്പ് | ലൈബ്രറിയിൽ നിന്നെടുത്ത | | ✓ | ✓ | | | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 13 | | പുസ്തകങ്ങൾ വായിക്കുന്നു<br>ആസ്വാദനക്കുറിപ്പ് എഴുതുന്നു<br>തെരഞ്ഞെടുത്ത രചനകൾ എഡിറ്റോറിയൽ ബോർഡിന് കൈമാറുന്നു<br>പതിപ്പ് നിർമിക്കുന്നു<br>അസ്സംബ്ലിയിൽ പ്രകാശനം നടത്തുന്നു | ഫെബ്രുവരി | | | ✓ | ✓ | |
| 14 | നാടകീകരണം | പാഠഭാഗത്തു നിന്നുള്ള ഏതെങ്കിലും പ്രസക്തഭാഗങ്ങൾ നാടകീകരിക്കാൻ നിർദ്ദേശിക്കുന്നു<br>അഭിനേതാക്കളെ കണ്ടെത്തുന്നു<br>ആവശ്യമായ റിഹേഴ്സൽ നടത്തുന്നു<br>അവതരണം | | ✓ | ✓ | ✓ | ✓ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## നിർവഹണപദ്ധതി

വിദ്യാലയത്തിന്റെ പേര് : ജി എച്ച് എസ് എസ് പടിയൂർ

വിഭാഗം : ഹൈസ്കൂൾ

വിഷയം : ഇംഗ്ലീഷ്

പ്രതീക്ഷിതനേട്ടങ്ങൾ:

1. മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി പരിപോഷിപ്പിക്കുക
2. ഇംഗ്ലീഷ് വായന പരിപോഷിപ്പിക്കുക

| **ക്രമ നമ്പർ** | **പ്രവർത്തനം** | **പ്രവർത്തനഘട്ടങ്ങൾ** | **മാസം** | **നിർവഹണകാലം** | | | | **റിമാർക്സ്** |
|---|---|---|---|---|---|---|---|---|
| | | | | **ആഴ്ച 1** | **ആഴ്ച 2** | **ആഴ്ച 3** | **ആഴ്ച 4** | |
| 1 | ആത്മവിശ്വാസത്തോടെയുള്ള ആശയവിനിമയം | സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ് ,ഇംഗ്ലീഷ് ലൈബ്രറി നവീകരണം ,ഇംഗ്ലീഷ് അസംബ്ലി | ജൂൺ | | ✓ | ✓ | ✓ | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 2 | ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾ | സിനിമ & ഡോക്യുമെന്ററി - പ്രൊഫൈൽ തയ്യാറാക്കുന്നതിന് വേണ്ടി ഇംഗ്ലീഷ് സിനിമ പ്രദർശനം | ജൂലൈ | | ✓ | ✓ | | |
| 3 | സ്വാതന്ത്ര വായന | ലഘുകഥനിർമാണം,ചിത്രവായന ,Public Speaking ,Simple Games ,പത്രവായന , പദസമ്പാദനം ,എന്റെ ഡയറി ,അസംബ്ലി ന്യൂസ് വായിക്കൽ | ആഗസ്റ്റ് | ✓ | ✓ | ✓ | ✓ | |
| 4 | നാടകീകരണം | പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി Puppet Show ,Skit , കഥാപ്രസംഗം എന്നിവയിലൂടെ അവതരിപ്പിക്കുന്നു | സെപ്റ്റംബർ | ✓ | ✓ | ✓ | ✓ | |
| 5 | കവിതാലാപനത്തിനും കവിതാരചനയ്ക്കും പ്രാപ്തരാക്കുന്നു | കവിതാരചന , ആലാപനമത്സരങ്ങൾ നടത്തുന്നു ,പ്രശസ്തകവികളുമായുള്ള ആശയവിനിമയവും സംവാദസാധ്യതകളും പ്രയോജനപ്പെടുത്തുന്നു . രചനകളുടെ പ്രദർശനം | ഒക്ടോബർ | ✓ | ✓ | ✓ | ✓ | |
| 6 | പദകേളി | പഠനത്തിൽ പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ കണ്ടെത്തുന്നു ,ക്ലാസ് റൂമിലും സ്കൂൾ പരിസരത്തും | നവംബർ | ✓ | ✓ | ✓ | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | കാണുന്ന വസ്തുക്കളുടെ ഇംഗ്ലീഷ് വാക്കുകൾ എഴുതികൊണ്ടുവരാൻ ആവശ്യപ്പെടുന്നു<br>പദകേളി നടത്തി സമ്മാനം നൽകുന്നു | | | | | ✓ | |
| 7 | വാക്യകേളി | കണ്ടെത്തിയ വാക്യങ്ങൾ ഉൾപ്പെടുത്തി വാക്യങ്ങൾ നിർമിക്കാൻ ആവശ്യപ്പെടുന്നു | ഡിസംബർ | ✓ | ✓ | ✓ | ✓ | |
| 8 | ഇംഗ്ലീഷ് മാഗസിൻ തയ്യാറാക്കൽ | കുട്ടികളിൽ നിന്നും കലാസൃഷ്ടികൾ സ്വീകരിച്ചു എഡിറ്റ് ചെയ്യുന്നു<br>കലാസൃഷ്ടികൾക്ക് അനുയോജ്യമായ ചിത്രങ്ങൾ തയ്യാറാക്കുന്നു<br>എഡിറ്റ് ചെയ്ത കലാസൃഷ്ടികൾ എഴുതി പതിപ്പ് രൂപത്തിലാക്കി മാഗസിൻ തയ്യാറാക്കുന്നു | ജനുവരി | ✓ | ✓ | ✓ | ✓ | |
| 9 | ക്ലബ് പ്രവർത്തനം | പ്രസംഗം പദ്യംചൊല്ലൽ എന്നിവ സംഘടിപ്പിക്കൽ | ഫെബ്രുവരി | ✓ | ✓ | ✓ | ✓ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## നിർവഹണപദ്ധതി

വിദ്യാലയത്തിന്റെ പേര് : ജി എച്ച് എസ് എസ് പടിയൂർ

വിഭാഗം : ഹൈസ്കൂൾ

വിഷയം : **ഹിന്ദി**

പ്രതീക്ഷിതനേട്ടങ്ങൾ:

1. ഹിന്ദി ഭാഷാശേഷി വികസിപ്പിക്കൽ
2. ഹിന്ദി വായന പരിപോഷണം
3. സർഗാത്മകശേഷി വികസിപ്പിക്കാൻ വികസിപ്പിക്കൽ

| **ക്രമ നമ്പർ** | **പ്രവർത്തനം** | **പ്രവർത്തനഘട്ടങ്ങൾ** | **മാസം** | **നിർവഹണകാലം** | | | | **റിമാർക്സ്** |
|---|---|---|---|---|---|---|---|---|
| | | | | **ആഴ്ച 1** | **ആഴ്ച 2** | **ആഴ്ച 3** | **ആഴ്ച 4** | |
| 1. | രാഷ്ട്രഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു | • കഥ വായനയ്ക്ക് അവസരം നൽകുന്നു<br>• കവിത വായനയ്ക്ക് അവസരം നൽകുന്നു | ജൂൺ | ✓ | | | | |
| | | | | | ✓ | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 2. | പ്രേംചന്ദ് ജയന്തി ആഘോഷം | • പുസ്തക പ്രദർശനം<br>• ക്വിസ് മത്സരം<br>• മാഗസിൻ നിർമ്മാണം | ജൂലൈ | ✓ | ✓ | ✓ | ✓ | |
| 3 | മാതൃഭാഷയെ പോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക | • പാഠഭാഗവുമായി ബന്ധപ്പെട്ട പ്രസിദ്ധ സാഹിത്യകാരന്മാരുടെ കഥകൾ നോവലുകൾ, സിനിമകൾ എന്നിവ കാണിക്കുവാൻ അവസരം നൽകുന്നു | ആഗസ്റ്റ് | ✓ | ✓ | ✓ | ✓ | |
| 4 | ഹിന്ദി ദിനാഘോഷം | • വായന കാർഡ് നിർമ്മാണം<br>• ഹിന്ദി അസംബ്ലി<br>• ഹിന്ദി വാർത്ത വായന | സെപ്റ്റംബർ | ✓ | ✓ | ✓ | ✓ | |
| 5 | ഹിന്ദി അന്തരീക്ഷം എഴുത്ത് മെച്ചപ്പെടുത്തൽ | • ഹിന്ദി സാഹിത്യകാരന്മാരുടെ പേര് ചിത്ര ആൽബത്തിൽ എഴുതുക<br>• നാടക ഗ്രൂപ്പ് | ഒക്ടോബർ | ✓ | ✓ | ✓ | ✓ | |
| 6 | യാത്രാവിവരണം തയ്യാറാക്കൽ | ഐസിടി ഉപയോഗിച്ച് ഇന്ത്യയിലെ പ്രധാനസ്ഥലങ്ങൾ ,സവിശേഷത ,ജീവിതരീതി എന്നിവ മനസ്സിലാക്കൽ<br>വിവരണം തയ്യാറാക്കൽ | നവംബർ | ✓ | ✓ | ✓ | ✓ | |
| 7 | പഠനനിലവാരം മെച്ചപ്പെടുത്തൽ | പ്രത്യേക പരിശീലനം | ഡിസംബർ | ✓ | ✓ | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | വായനാമത്സരം | | | | | | |
| 8 | മാഗസിൻ നിർമാണം | പ്രഗത്ഭവ്യക്തികകളുടെ ജീവചരിത്രം, സചിത്രലേഖനം ചരിത്രപുസ്തകം , എന്നിവയുടെ സഹായത്താൽ വിവരശേഖരണം നടത്തുന്നു | ജനുവരി | | ✓ | ✓ | ✓ | |
| 9 | ഹിന്ദി അസംബ്ലി | അസംബ്ലി സംഘടിപ്പിക്കുന്നു | ഫെബ്രുവരി | ✓ | ✓ | | | |
| 10 | ക്വിസ് മത്സരം | മത്സരം നടത്തുന്നു<br>വിജയികൾക്കുള്ള സമ്മാനദാനം | | | ✓ | ✓ | ✓ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## നിർവഹണപദ്ധതി

വിദ്യാലയത്തിന്റെ പേര് : ജി എച്ച് എസ് എസ് പടിയൂർ

വിഭാഗം : ഹൈസ്കൂൾ

വിഷയം : സംസ്കൃതം

പ്രതീക്ഷിതനേട്ടങ്ങൾ:

1. സംസ്കൃത ഭാഷ സംഭാഷണശേഷി വികസിപ്പിക്കൽ
2. സംസ്കൃത വായനാ പരിപോഷണം
3. സർഗ്ഗാത്മകശേഷി വികസിപ്പിക്കൽ

| ക്രമ നമ്പർ | പ്രവർത്തനം | പ്രവർത്തനഘട്ടങ്ങൾ | മാസം | നിർവഹണകാലം | | | | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| | | | | ആഴ്ച 1 | ആഴ്ച 2 | ആഴ്ച 3 | ആഴ്ച 4 | |
| 1 | സംസ്കൃത ഭാഷ ഫലപ്രദമായി പ്രയോഗിക്കാനുള്ള പോരായ്മ | ക്ലാസ്റൂമിലും പുറത്തും സംസ്കൃതത്തിൽ സംഭാഷണം | | ✓ | ✓ | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | പരിഹരിക്കൽ | ചെയ്യാനുള്ള താൽപര്യം വളർത്തൽ.<br>ക്ലാസ്റൂമിലും പുറത്തും സംസ്കൃതത്തിൽ സംഭാഷണം ചെയ്യാനുള്ള താൽപര്യം വളർത്തൽ. | ജൂൺ | | | ✓ | ✓ | |
| 2 | എഴുത്തിലെ പ്രയാസങ്ങൾ പരിഹരിക്കൽ | ഭാഷയിൽ താൽപര്യം ജനിപ്പിക്കുന്ന തരത്തിലുള്ള സംഭാഷണം ഗാനങ്ങൾ എന്നിവ കേൾപ്പിക്കൽ.<br>വായനക്കുറിപ്പ് പത്രവാർത്ത എന്നിവ തയ്യാറാക്കി അവതരിപ്പിക്കൽ | ജൂലൈ | ✓ | ✓ | ✓ | ✓ | |
| 3 | ശാരീരികവും മാനസികവുമായ ആരോഗ്യം ഉറപ്പാക്കൽ | ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നു<br>ഔഷധോദ്യാനം നിർമ്മിക്കുന്നു<br>യോഗാസനം പരിചയപ്പെടുത്തുന്നു | ആഗസ്റ്റ് | ✓ | ✓ | ✓ | ✓ | |
| 4 | സർഗ്ഗാത്മകത വളർത്തൽ | കലാരൂപങ്ങൾ | സെപ്റ്റംബർ | ✓ | ✓ | ✓ | ✓ | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | പരിചയപ്പെടുത്തുന്നു<br>പാഠഭാഗങ്ങൾ കഥ,നാടകം എന്നീ രൂപങ്ങളിലേക്ക് മാറ്റി അവതരിപ്പിക്കുന്നു | | | | | | |
| 5 | ശില്പശാലകൾ സംഘടിപ്പിക്കൽ | എഴുത്ത്,അഭിനയം എന്നിവയിൽ കുട്ടികളെ പ്രാപ്തരാക്കുന്നു | ഒക്ടോബർ | ✓ | ✓ | ✓ | ✓ | |
| 6 | സെമിനാർ (വേദഗണിതം) | പ്രഗത്ഭരായ അധ്യാപകർ സെമിനാർ നടത്തുന്നു<br>കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നു | നവംബർ | ✓ | ✓ | ✓ | ✓ | |
| 7 | പദകേളി | പുസ്തകങ്ങൾ വായിക്കുന്നു<br>അക്ഷരമാലാക്രമത്തിലുള്ള പദങ്ങളുടെ പട്ടികപ്പെടുത്തൽ<br>ഗ്രൂപ്പടിസ്ഥാനത്തിലുള്ള അവതരണം<br>സമ്മാനദാനം | ഡിസംബർ | ✓ | ✓ | | | |
| 8 | സംഭാഷണശിബിരം | പ്രഗൽഭരെ കണ്ടെത്തുന്നു<br>കുട്ടികളെ പങ്കെടുപ്പിക്കുന്നു | ജനുവരി | | ✓ | ✓ | ✓ | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | സംസ്കൃതത്തിൽ സംഭാഷണം ചെയ്യിക്കുന്നു | | | | | | |
| 9 | സെമിനാർ | ഉപനിഷത്ത് ഗ്രന്ഥങ്ങൾ വായിക്കുന്നു<br>ചർച്ച ചെയ്യുന്നു<br>പ്രബന്ധം അവതരിപ്പിക്കുന്നു<br>റിപ്പോർട്ട് തയ്യാറാക്കുന്നു | | ✓ | ✓ | ✓ | ✓ | |
| 10 | പുസ്തക പ്രദർശനം | സംസ്കൃതം പുസ്തകങ്ങൾ ശേഖരിക്കുന്നു<br>പട്ടികപ്പെടുത്തുന്നു<br>പ്രദർശനം നടത്തുന്നു | | | ✓ | ✓ | ✓ | |
| 11 | മാഗസിൻ | സ്വാതന്ത്രരചനകൾ നടത്താൻ അവസരം നൽകുന്നു<br>എഡിറ്റോറിയൽ ബോർഡ് രൂപീകരിക്കുന്നു<br>രചന ക്രമീകരിക്കുന്നു<br>പ്രകാശനം നടത്തുന്നു | ഫെബ്രുവരി | ✓ | ✓ | ✓ | ✓ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## നിർവഹണപദ്ധതി

വിദ്യാലയത്തിന്റെ പേര് : ജി എച്ച് എസ് എസ് പടിയൂർ

വിഭാഗം : ഹൈസ്കൂൾ

വിഷയം : ഗണിതം

പ്രതീക്ഷിതനേട്ടങ്ങൾ:

1. കുട്ടികളിൽ ഗണിതതാല്പര്യം വളർത്തിയെടുക്കൽ
2. ഗണിതപഠനത്തിന്റെ പ്രാധാന്യം കണ്ടെത്തൽ
3. പ്രായോഗികജീവിതവുമായി ബന്ധപ്പെട്ട ഗണിതാശയങ്ങൾ കണ്ടെത്തൽ

| ക്രമ നമ്പർ | പ്രവർത്തനം | പ്രവർത്തനഘട്ടങ്ങൾ | മാസം | നിർവഹണകാലം | | | | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| | | | | ആഴ്ച 1 | ആഴ്ച 2 | ആഴ്ച 3 | ആഴ്ച 4 | |
| 1 | ഗണിതം ലളിതം | ഗുണനപ്പട്ടികയുടെ അറിവുപരിശോധന | | ✓ | | | | |
| | | ചതുഷ്ക്രിയബോധനം | | | ✓ | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | പരിശീലനം | ജൂൺ | | | ✓ | ✓ | |
| 2 | ഗണിതം ലളിതം | പരിശീലനം തുടരുന്നു | ജൂലൈ | ✓ | ✓ | ✓ | ✓ | |
| | | ഗണിതചിത്രങ്ങൾ ശേഖരിക്കൽ ,ഗണിതശാസ്ത്രജ്ഞന്മാരുടെ വിവരശേഖരണം | | | | ✓ | ✓ | |
| 3 | ഗണിതക്വിസ് | ചോദ്യങ്ങൾ പൊതുവായി നൽകി ഉത്തരം കണ്ടെത്തൽ | ആഗസ്റ്റ് | ✓ | ✓ | | | |
| 4 | ഗണിതചാർട്ട് | ഗണിതാശയങ്ങൾ ക്ലാസ്സടിസ്ഥാനത്തിൽ ചാർട്ട് തയ്യാറാക്കൽ | സെപ്റ്റംബർ | | | ✓ | | |
| 5 | ഗണിതപഠനോപകരണനിർമാണം | ഗണിതപഠനം ലഘൂകരിക്കാൻ പഠനോപകാരണങ്ങളുടെ നിർമാണം | ഒക്ടോബർ | | ✓ | | | |
| 6 | ഗണിതപസിൽ/ ഗെയിം/ക്വിസ് | ലളിതമായ ഗണിതപസിൽ/ഗെയിം/ക്വിസ് നടത്തുന്നു | നവംബർ | | ✓ | | | |
| 7 | ചോദ്യാവലി | ചോദ്യാവലി തയ്യാറാക്കുന്നു അവതരണം<br>ചർച്ച | | | ✓ | | | |
| 8 | ഗണിതപഠനോപകരണങ്ങൾ നിർമാണം (മോഡൽ) | ഗണിതപഠനം ലളിതവൽക്കരിക്കുന്നതിനുതകുന്ന പഠനോപകരണങ്ങളുടെ | | | ✓ | | | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | നിർമാണം | | | | | | | |
| 9 | ഗണിതപതിപ്പ് | ശേഖരണം (കുട്ടികൾ തയ്യാറാക്കുന്ന ചെറുലേഖനങ്ങൾ, കഥകൾ , ചിത്രങ്ങൾ , ചരിത്രസംഭവങ്ങൾ , കുസൃതികണക്കുകൾ , കാർട്ടൂണുകൾ തുടങ്ങിയവ) പതിപ്പ് നിർമാണം | ഡിസംബർ | | ✓ | | | | |
| 10 | ഐസിടി പ്രവർത്തനങ്ങൾ | ഗണിതവുമായി ബന്ധപ്പെട്ട് കുട്ടികൾ തയ്യാറാക്കിവരുന്ന പ്രവർത്തനങ്ങൾ ക്ലാസ്സുകളിൽ പ്രദർശിപ്പിച്ച് ഗണിതക്യാമ്പ് സജീവമാക്കുക വിലയിരുത്തുക | ജനുവരി | | ✓ | | | | |
| 11 | ഗണിതോത്സവം | ഗണിത ആശയവുമായി ബന്ധപ്പെട്ട സൃഷ്ടികളുടെ നിർമാണം (മുഴുവൻ കുട്ടികളും) സൃഷ്ടികളുടെ പ്രദർശനം (ക്ലാസ് തലം) എല്ലാകുട്ടികൾക്കും പരസ്പരം | ഫെബ്രുവരി | | ✓ | | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | കാണാനുള്ള അവസരമൊരുക്കുന്നു | | | | | | |
| 12 | അടിസ്ഥാനവസ്തുത സ്വായത്തമാക്കൽ | വിവിധ പ്രവർത്തനങ്ങളിലൂടെ എല്ലാ കുട്ടികളും എല്ലാ അടിസ്ഥാന ഗണിതവസ്തുതകളും നേടിയെന്ന് ഉറപ്പുവരുത്തൽ | | | ✓ | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## നിർവഹണപദ്ധതി

വിദ്യാലയത്തിന്റെ പേര് : ജി എച്ച് എസ് എസ് പടിയൂർ

വിഭാഗം : ഹൈസ്കൂൾ

വിഷയം : ശാസ്ത്രം

പ്രതീക്ഷിതനേട്ടങ്ങൾ:

1. കുട്ടികൾക്ക് സ്വയം പ്രശ്നപരിഹാരത്തിന്റെ ഭാഗമായി പരീക്ഷണങ്ങളിൽ ഏർപ്പെടുന്നപ്രസംഗം പദ്യംചൊല്ലൽ എന്നിവ സംഘടിപ്പിക്കൽ തിനും നിഗമനങ്ങൾ രൂപീകരിക്കുന്നതിനും കഴിയുന്നു.
2. കുട്ടികളിൽ കാർഷിക സംസ്കാരം വളർത്തിയെടുക്കുന്നതിന് കഴിയുന്നു.
3. ശാസ്ത്രമനോഭാവം, ശാസ്ത്രാഭിരുചി എന്നിവ വളർത്തിയെടുക്കുന്നതിന് സാധിക്കുന്നു.

| **ക്രമ നമ്പർ** | **പ്രവർത്തനം** | **പ്രവർത്തനഘട്ടങ്ങൾ** | **മാസം** | **നിർവഹണകാലം** | | | | **റിമാർക്സ്** |
|---|---|---|---|---|---|---|---|---|
| | | | | **ആഴ്ച 1** | **ആഴ്ച 2** | **ആഴ്ച 3** | **ആഴ്ച 4** | |
| 1 | പഠനഗ്രൂപ്പ് രൂപീകരണം | സ്വയം പഠനത്തിനുള്ള അവസരമൊരുക്കൽ (പാഠഭാഗവുമായി ബന്ധപ്പെട്ട ക്ലാസ്സിന് നേതൃത്വം കൊടുക്കൽ, സെമിനാർ, സംവാദം) | ജൂൺ | ✓ | | | | |
| | പ്രകൃതിയും | പരിസ്ഥിതി ക്വിസ് | | ✓ | | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 2 | മനുഷ്യനും | പരിസ്ഥിതി - പോസ്റ്റർ നിർമാണം | | | | | | |
| 3 | ശാസ്ത്രജ്ഞരെ അറിയൽ | ശാസ്ത്രജ്ഞരുടെ ജീവചരിത്രക്കുറിപ്പ് ശേഖരണം, ക്ലാസ്തല അവതരണം | | | ✓ | ✓ | ✓ | |
| 4 | കുട്ടി ശാസ്ത്രജ്ഞർ | പരീക്ഷണങ്ങൾ സ്വയം ചെയ്യൽ | | ✓ | ✓ | | | |
| | | പഠനോപകരണം നിർമിക്കൽ | | | ✓ | | | |
| 5 | ബഹിരാകാശം അദ്ഭുതലോകം | ചാന്ദ്രദിനക്വിസ് | ജൂലൈ | | | ✓ | | |
| | | ബഹിരാകാശവുമായി ബന്ധപ്പെട്ട ഡോക്യുമെന്ററി പ്രദർശനം | | | | ✓ | | |
| 6 | എന്റെ ഗവേഷണം | കുട്ടികളുടെ മിനി പ്രൊജക്റ്റ് - വിഷയം തെരഞ്ഞെടുക്കൽ | | | | ✓ | ✓ | |
| 7 | നാളേയ്ക്കായ് | മലിനീകരണം എന്ന വിഷയത്തെക്കുറിച്ച് ബോധവത്കരണ ക്ലാസ് | | ✓ | | | | |
| | | മലിനീകരണം തടയാൻ എല്ലാ കുട്ടികളും പ്രതിജ്ഞയെടുക്കുന്നു | ആഗസ്റ്റ് | | ✓ | | | |
| | | സ്കൂൾ ശുചീകരണവും മാലിന്യങ്ങൾ തരംതിരിക്കലും | | | | ✓ | ✓ | |
| 8 | എന്റെ ഗവേഷണം | മിനി പ്രൊജക്റ്റ് - വിവരശേഖരണം, കരടുരൂപം തയ്യാറാക്കൽ | | | ✓ | ✓ | ✓ | |
| | | അധ്യയനവർഷത്തിന്റെ ഒന്നാം | | | | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 9 | പഠനപരിപോഷണം | പാഠം അവസാനിക്കുന്നതിനോട് അനുബന്ധിച്ച് 8, 9, 10 ക്ലാസിലെ കുട്ടികളുടെ ശാസ്ത്രത്തിലെ പഠനപുരോഗതി വിലയിരുത്തി ആവശ്യമുള്ളവർക്ക് പ്രത്യേക പരിശീലനം. | | | | | ✓ | |
| 10 | ശാസ്ത്രമേള പരിശീലനം | ശാസ്ത്രമേളയ്ക്കായുള്ള കുട്ടികളെ തെരഞ്ഞെടുക്കലും പരിശീലനം നൽകലും | | | ✓ | ✓ | | |
| 11 | എന്റെ സെമിനാർ | ക്ലാസിലെ പാഠഭാഗവുമായി ബന്ധപ്പെട്ട് സമകാലികപ്രസക്തിയുള്ള വിഷയങ്ങൾ ഗ്രൂപ്പ് സെമിനാറായി നൽകുന്നു. അവതരണം നടത്തുന്നു. | സെപ്റ്റംബർ | | ✓ | ✓ | ✓ | |
| 12 | എന്റെ ഗവേഷണം | പ്രൊജക്റ്റ് പ്രവർത്തനം തുടരുന്നു. (അവതരണം, മികച്ചത് തെരഞ്ഞെടുക്കൽ, അത് വിപുലമാക്കാനുള്ള തുടർപരിശീലനം) | | ✓ | ✓ | ✓ | ✓ | |
| 13 | ക്വിസ് മത്സരം | മത്സരം നടത്തൽ (ശാസ്ത്ര ക്വിസ്)<br>വിജയികൾക്കുള്ള സമ്മാനദാനം | ഒക്ടോബർ | ✓ | | | | |
| 14 | ലാബ് @ ഹോം | പാഠഭാഗത്തിലെ ആശയങ്ങളുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ ചെയ്യാൻ ആവശ്യമായ ഉപകരണങ്ങൾ / മാതൃക നിർമിക്കൽ | | | ✓ | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 15 | ക്യാമ്പുകൾ സംഘടിപ്പിക്കൽ | നേത്രപരിശോധനാ ക്യാമ്പ് / വാനനിരീക്ഷണ ക്യാമ്പ് (വിദഗ്ധരുടെ സഹായത്താൽ) | | | | ✓ | ✓ | |
| 16 | ക്ലാസ് മുറിയിൽ റഫറൻസ് പുസ്തകങ്ങൾ ഒരുക്കൽ | ശാസ്ത്ര മാസികകൾ (യൂറീക്ക, ശാസ്ത്രകേരളം, ശാസ്ത്രഗതി, ശാസ്ത്രവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ) ശേഖരിച്ച് വായനാമൂലയിൽ സജ്ജീകരിക്കൽ | നവംബർ | ✓ | | | | |
| 17 | ശാസ്ത്രജ്ഞരെക്കുറിച്ചുള്ള അറിവ് പങ്കുവെയ്ക്കൽ | ശാസ്ത്രജ്ഞൻമാരുടെ ചിത്രങ്ങൾ പ്രദർശിപ്പിക്കൽ (സയൻസ് ക്ലബ്ബ് നോട്ടീസ് ബോർഡിൽ) | | | ✓ | ✓ | ✓ | |
| | | ശാസ്ത്രജ്ഞരെക്കുറിച്ചുള്ള വിവരശേഖരണം നടത്തി അസംബ്ലിയിൽ അവതരിപ്പിക്കൽ | | | ✓ | ✓ | ✓ | |
| 18 | ശാസ്ത്രപതിപ്പ് തയ്യാറാക്കൽ | പതിപ്പിനാവശ്യമായ സാമഗ്രികൾ ശേഖരിക്കൽ (കഥകൾ, ലേഖനങ്ങൾ, കവിതകൾ, ചിത്രങ്ങൾ, പദപ്രശ്നം, കാർട്ടൂൺ, പഴഞ്ചൊല്ലുകൾ, നാട്ടറിവുകൾ, ക്വിസ്, കൊളാഷ് തുടങ്ങിയവ) | | | | ✓ | ✓ | |
| | | എഡിറ്റോറിയൽ ബോർഡ് അംഗങ്ങളെ തെരഞ്ഞെടുക്കൽ | | | | | ✓ | |
| 19 | പതിപ്പ് നിർമാണം | പ്രവർത്തനം തുടരുന്നു | | ✓ | ✓ | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 20 | പച്ചക്കറി കൃഷി (ക്ലബ്ബ് പ്രവർത്തനം) | നിലമൊരുക്കൽ, വിത്ത് ശേഖരിക്കൽ | ഡിസംബർ | | ✓ | | | |
| | | വിത്ത് നടീൽ, പരിചരണം (വളം, ജലസേചനം) | | | ✓ | ✓ | ✓ | |
| 21 | പഠനപരിപോഷണം | അധ്യയനവർഷത്തിന്റെ രണ്ടാം പാദം അവസാനിക്കുന്നതിനോട് അനുബന്ധിച്ച് 8, 9, 10 ക്ലാസിലെ കുട്ടികളുടെ ശാസ്ത്രത്തിലെ പഠനപുരോഗതി വിലയിരുത്തി ആവശ്യമുള്ളവർക്ക് പ്രത്യേക പരിശീലനം. | | | | ✓ | | |
| 22 | പതിപ്പ് നിർമാണം | ശാസ്ത്രപ്പതിപ്പ് പ്രകാശനം | ജനുവരി | ✓ | | | | |
| 23 | ശാസ്ത്രനാടകങ്ങൾ | വിഷയം തെരഞ്ഞെടുക്കൽ (ക്ലാസ് തലം) | | | ✓ | | | |
| | | ആസൂത്രണം, അവതരണം | | | | ✓ | | |
| 24 | പച്ചക്കറി കൃഷി | വിളവെടുപ്പ് | | | | ✓ | ✓ | |
| 25 | സ്കൂൾതല ശാസ്ത്ര പ്രദർശനം | മുന്നൊരുക്കം, പ്രദർശനവസ്തുക്കൾ തയ്യാറാക്കൽ | ഫെബ്രുവരി | ✓ | ✓ | | | |
| | | പ്രദർശനവസ്തുക്കൾ ശേഖരിക്കൽ, ക്രമപ്പെടുത്തൽ | | | | ✓ | | |
| | | സ്കൂൾതല പ്രദർശനം | | | | | ✓ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## നിർവഹണപദ്ധതി

വിദ്യാലയത്തിന്റെ പേര് : ജി എച്ച് എസ് എസ് പടിയൂർ

വിഭാഗം : ഹൈസ്കൂൾ

വിഷയം : സാമൂഹ്യശാസ്ത്രം

പ്രതീക്ഷിതനേട്ടങ്ങൾ:

1. ചരിത്രപഠനത്തിൽ വിദ്യാർത്ഥികളുടെ താല്പര്യം വർധിപ്പിക്കുക
2. ചരിത്രബോധം ഉള്ളവരായി വിദ്യാർത്ഥികളെ വാർത്തെടുക്കുക
3. വിദ്യാർത്ഥികളിൽ പൗരബോധവും മൂല്യബോധവും വളർത്തുക

| ക്രമ നമ്പർ | പ്രവർത്തനം | പ്രവർത്തനഘട്ടങ്ങൾ | മാസം | നിർവഹണകാലം | | | | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| | | | | ആഴ്ച 1 | ആഴ്ച 2 | ആഴ്ച 3 | ആഴ്ച 4 | |
| 1 | പ്രാദേശിക ചരിത്രാന്വേഷണം | ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു വിവരശേഖരണം | ജൂൺ | | | ✓ | ✓ | |
| | | ഇന്ത്യ - രാഷ്ട്രീയഭൂപടം | | ✓ | ✓ | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 2 | ഭൂപടനിർമാണം | ഇന്ത്യ - നദികൾ<br>ഇന്ത്യ - തുറമുഖങ്ങൾ<br>ഇന്ത്യ - കാർഷികവിളകൾ<br>പതിപ്പ് തയ്യാറാക്കൽ | ജൂലൈ | | | ✓ | ✓ | |
| 3 | സെമിനാർ | ജലം ജലമലിനീകരണം ,ജലസംരക്ഷണം , തണ്ണീർത്തടങ്ങളും ആവാസവ്യവസ്ഥയും ചർച്ച<br>അവതരണം<br>റിപ്പോർട്ട് തയ്യാറാക്കൽ | ആഗസ്റ്റ് | ✓ | ✓ | ✓ | ✓ | |
| 4 | ശേഖരണം | പ്രാദേശികമായി ലഭിക്കുന്ന ശിലകൾ ധാതുക്കൾ മണ്ണ് എന്നിവയുടെ ശേഖരണം തരംതിരിക്കൽ റിപ്പോർട്ട് തയ്യാറാക്കൽ ,അവതരണം | സെപ്റ്റംബർ | ✓ | ✓ | ✓ | ✓ | |
| 5 | ഗ്രൂപ്പ് ചർച്ച | ഭൂമിദാനത്തിന്റെ ആരംഭം<br>ശതവാഹനകാലഘട്ടത്തിന്റെയും ഗുപ്തകാലഘട്ടത്തിന്റെയും ഭൂമിദാനത്തിലുണ്ടായ മാറ്റങ്ങൾ കൃഷിയുടെ വ്യാപനം ജലസേചനമാർഗങ്ങൾ | ഒക്ടോബർ | ✓ | ✓ | ✓ | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | ✓ | |
| 6 | ഭൂപടവിശകലനം | മഹാജനപഥങ്ങളെ കണ്ടെത്തി അവ ഇന്ന് ഏത് സംസ്ഥാനത്താണ് എന്ന് കണ്ടെത്തുന്നു | നവംബർ | | ✓ | ✓ | | |
| 7 | ക്വിസ് | കേരളം | ഡിസംബർ | | | ✓ | ✓ | |
| 8 | മോക് പാർലമെന്റ് | മോക് പാർലമെന്റ് സംഘടിപ്പിക്കൽ തിരഞ്ഞെടുപ്പിന്റെ പ്രാധാന്യം കുട്ടികൾക്ക് ബോധ്യമാവുന്നതിന് | ജനുവരി | ✓ | ✓ | | | |
| 9 | ആൽബം | സ്വാതന്ത്ര്യസമര സേനാനികൾ വിവരണം ചർച്ച ശേഖരണം | ഫെബ്രുവരി | ✓ | ✓ | ✓ | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## നിർവഹണപദ്ധതി

വിദ്യാലയത്തിന്റെ പേര് : ജി എച്ച് എസ് എസ് പടിയൂർ

വിഭാഗം : ഹൈസ്കൂൾ

വിഷയം : കായികപഠനം

പ്രതീക്ഷിതനേട്ടങ്ങൾ:

1. വിദ്യാലയത്തിലെ മുഴുവൻ കുട്ടികളും കായികക്ഷമത കൈവരിക്കുന്നു എന്ന് ഉറപ്പു വരുത്തുന്നു
2. ആരോഗ്യമുള്ള കുട്ടികളെ വാർത്തെടുക്കാൻ സാധിക്കുന്നു
3. താല്പര്യമുള്ള മേഖലകൾ തിരഞ്ഞെടുത്തു മികവ് നേടാനുള്ള അവസരങ്ങൾ ഉറപ്പുവരുത്തുന്നു

| ക്രമ നമ്പർ | പ്രവർത്തനം | പ്രവർത്തനഘട്ടങ്ങൾ | മാസം | നിർവഹണകാലം | | | | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| | | | | ആഴ്ച 1 | ആഴ്ച 2 | ആഴ്ച 3 | ആഴ്ച 4 | |
| 1 | നീന്തൽ പരിശീലനം | നീന്തൽ പരിശീലനത്തിന്റെ ആവശ്യകത ബോധവത്കരണം പരിശീലനം | ജൂൺ | | ✓ | ✓ | ✓ | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 2 | നീന്തൽ പരിശീലനം | നീന്തൽപരിശീലനം -തുടർച്ച | ജൂലൈ | ✓ | ✓ | ✓ | ✓ | |
| 3 | ആരോഗ്യകായിക വിദ്യാഭ്യാസത്തിന്റെ ആവശ്യകത സെമിനാർ | ബോധവത്കരണം<br>ആരോഗ്യശീലങ്ങൾ പാലിക്കുന്നതെങ്ങനെ ? പരിശീലനം കായികക്ഷമതയും കായികവിനോദവും Physical fitness പരിശീലനം | ആഗസ്റ്റ് | ✓ | ✓ | ✓ | ✓ | |
| 4 | സുരക്ഷിതജീവിതം പെൺകുട്ടികൾക്ക് | കരാട്ടെ പരിശീലനം<br>പ്രതിരോധമാർഗം പരിചയപ്പെടൽ | സെപ്റ്റംബർ | ✓ | ✓ | ✓ | ✓ | |
| 5 | ഫുട്ബോൾ പരിശീലനം | പ്രഗത്ഭരായ ഫുട്ബോൾമാരെ അറിയൽ പരിശീലനം<br>താല്പര്യമുള്ള കുട്ടികളെ കണ്ടെത്തുന്നു | ഒക്ടോബർ | ✓ | ✓ | ✓ | ✓ | |
| 6 | യോഗ പരിശീലനം | താല്പര്യമുള്ള കുട്ടികളെ കണ്ടെത്തുന്നു വിദഗ്ദ്ധരെ ഉപയോഗിച്ചു ക്ലാസ് എടുത്തു പ്രാക്ടീസ് ചെയ്യുന്നു<br>യോഗയുടെ വിവിധ ഇനങ്ങൾ പരിശീലിപ്പിക്കുന്നു | നവംബർ | ✓ | ✓ | ✓ | ✓ | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 7 | കായിക പരിശീലനം | Drill and Marching പരിശീലിപ്പിക്കുന്നു | ഡിസംബർ | ✓ | ✓ | ✓ | ✓ | |
| 8 | Aerobic പരിശീലനം | താല്പര്യമുള്ള കുട്ടികളെ കണ്ടെത്തുന്നു ,പരിശീലനം | ജനുവരി | ✓ | ✓ | ✓ | ✓ | |
| 9 | Game-volleyball | വോളീബോൾ കളിയിൽ താല്പര്യമുള്ള കുട്ടികളെ കണ്ടെത്തുന്നു<br>വിദഗ്ദ്ധരുടെ സഹായത്തോടെ പരിശീലനം നൽകുന്നു | ഫെബ്രുവരി | ✓ | ✓ | ✓ | ✓ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## നിർവഹണപദ്ധതി

വിദ്യാലയത്തിന്റെ പേര് : ജി എച്ച് എസ് എസ് പടിയൂർ

വിഭാഗം : ഹൈസ്കൂൾ

വിഷയം : കലാവിദ്യാഭ്യാസം

പ്രതീക്ഷിതനേട്ടങ്ങൾ:

1. കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കൽ
2. കലാ -സാംസ്കാരിക പ്രവർത്തനങ്ങളെക്കുറിച്ചുള്ള ശരിയായ കാഴ്ചപ്പാട് രക്ഷിതാക്കളിലും കുട്ടികളിലും രൂപപ്പെടുത്താൻ സാധിക്കുന്നു

| ക്രമ നമ്പർ | പ്രവർത്തനം | പ്രവർത്തനഘട്ടങ്ങൾ | മാസം | നിർവഹണകാലം | | | | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| | | | | ആഴ്ച 1 | ആഴ്ച 2 | ആഴ്ച 3 | ആഴ്ച 4 | |
| 1 | പോസ്റ്റർ നിർമാണം | പോസ്റ്റർ നിർമാണത്തിലെ വിവിധ ഘട്ടങ്ങൾ കുട്ടികളെ പരിശീലിപ്പിക്കൽ | ജൂൺ | ✓ | | | | |
| 2 | കുട്ടികളുടെ കലാസൃഷ്ടികളുടെ പ്രദർശനം | മികച്ച കലാസൃഷ്ടികൾ തയ്യാറാക്കൽ , ആർട് ഗ്യാലറി എന്ന ആശയം കുട്ടികൾക്ക് പരിചിതമാക്കൽ | ജൂൺ | | ✓ | ✓ | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 3 | വിവിധ ക്ലബ്ബുകളുടെ ഉൽഘാടനം | ആർട്സ് , മ്യൂസിക് ക്ലബുകളുടെ പ്രവർത്തനാരംഭം | ജൂലൈ | | | | ✓ | |
| 4 | ഫിലിം ക്ലബ്ബിന്റെ ഉദ്ഘാടനം ,ആദ്യ സിനിമ പ്രദർശനം | ഫിലിം ക്ലബ്ബിലേക്ക് സിനിമ അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തൽ ,ലോകോത്തര സിനിമകളെ പരിചയപ്പെടുത്തൽ | ആഗസ്റ്റ് | ✓ | ✓ | | | |
| 5 | സംഗീതശില്പശാല | മ്യൂസിക് ക്ലബ്ബിന്റെ നേതൃത്വത്തിൽ സംഗീതശില്പശാല മുന്നൊരുക്കം , വിദഗ്ദ്ധരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള അവതരണം | സെപ്റ്റംബർ | | | ✓ | ✓ | |
| 6 | കളിമൺ ശില്പശാല പരിശീലന കളരി | മുന്നൊരുക്കം കളിമൺ ശില്പശാല നിർമാണത്തിലെ വിവിധഘട്ടങ്ങൾ , കുട്ടികളുടെ കലാസൃഷ്ടികളുടെ പ്രദർശനം | ആഗസ്റ്റ് | | | ✓ | ✓ | |
| 7 | കലോത്സവം | സ്കൂൾതലം | സെപ്റ്റംബർ | | | ✓ | | |
| 8 | കലോത്സവം (സബ്ജില്ലാ ,ജില്ല പരിശീലനം ) | കുട്ടികൾക്കുള്ള പരിശീലനം നൽകൽ ,കുട്ടികളെ പങ്കെടുപ്പിക്കൽ | ഒക്ടോബർ | ✓ | ✓ | ✓ | ✓ | |
| 9 | ശില്പശാല സംഘടിപ്പിക്കൽ (നാടൻപാട്ട് ) | മുന്നൊരുക്കം<br>വിദഗ്ദ്ധരെ പങ്കെടുപ്പിച്ചു കൊണ്ടുള്ള അവതരണം | നവംബർ | | ✓ | ✓ | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 10 | നാടക ക്യാമ്പ് | താല്പര്യമുള്ള കുട്ടികളെ കണ്ടെത്തൽ | ഡിസംബർ | ✓ | | | | |
| | | രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നു | | | ✓ | | | |
| | | പരിശീലകരെ കണ്ടെത്തുന്നു | | | | ✓ | | |
| | | ശില്പശാല സംഘടിപ്പിക്കുന്നു | | | | | ✓ | |
| 11 | ഫോട്ടോഗ്രാഫി, വീഡിയോഗ്രാഫി ശില്പശാല | മുന്നൊരുക്കം ,സ്കൂളിലെ ക്യാമറ ഉപയോഗിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക | ജനുവരി | ✔ | ✔ | ✔ | ✓ | |
| 12 | പാവനാടകം പ്രദർശനം | എട്ടാം ക്ലാസ്സിലെ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം | ഫെബ്രുവരി | ✔ | ✔ | ✔ | ✓ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## നിർവഹണപദ്ധതി

വിദ്യാലയത്തിന്റെ പേര് : ജി എച്ച് എസ് എസ് പടിയൂർ

വിഭാഗം : ഹൈസ്കൂൾ

വിഷയം : വിവരസാങ്കേതികവിദ്യ

പ്രതീക്ഷിതനേട്ടങ്ങൾ:

1.ഐസിടി ഉപയോഗിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക

2.ഓരോ കാലഘട്ടത്തിലും സാങ്കേതികവിദ്യ നൂതനമാക്കുന്നതിനോടൊപ്പം ദുരുപയോഗം ചെയ്യപ്പെടുന്നതിനെക്കുറിച്ചു ബോധവൽക്കരിക്കുക

3.നിത്യജീവിതത്തിൽ സ്വാതന്ത്ര്യസോഫ്റ്റ് വെയറുകൾ ഉപയോഗിക്കുന്നതിനുള്ള പ്രാപ്തി നേടുക

| ക്രമ നമ്പർ | പ്രവർത്തനം | പ്രവർത്തനഘട്ടങ്ങൾ | മാസം | നിർവഹണകാലം | | | | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| | | | | ആഴ്ച 1 | ആഴ്ച 2 | ആഴ്ച 3 | ആഴ്ച 4 | |
| 1 | സ്കൂൾ അധ്യാപക പരിശീലനം | ഓരോ കാലഘട്ടത്തിലും മാറിവരുന്ന സോഫ്റ്റ്‌വെയർ , ഐസിടി ഉപകരണങ്ങൾ എന്നിവ അധ്യാപകർക്ക് പരിചയപ്പെടുത്തുന്നു | ജൂൺ | ✓ | | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 2 | ലിറ്റിൽ കൈറ്റ്സ് പുതിയ ബാച്ച് ,IT ക്ലബ് ഭാരവാഹികളെ തിരഞ്ഞെടുക്കൽ | ലിറ്റിൽ കൈറ്റ്സ് ക്ലബ് പ്രവേശന പരീക്ഷയ്ക്ക് കുട്ടികൾക്ക് പരിശീലനം നൽകൽ<br>പരീക്ഷ നടത്തൽ<br>തിരഞ്ഞെടുക്കൽ | ജൂൺ | | ✓ | ✓ | | |
| 3 | ഐസിടി പഠനവിഭവങ്ങൾ തയ്യാറാക്കൽ | ഐസിടി പഠനവിഭവങ്ങൾ സ്കൂൾ തലത്തിൽ തയ്യാറാക്കൽ ശില്പശാല സംഘടിപ്പിക്കൽ | ജൂലൈ | | | | ✓ | |
| 4 | ഹ്രസ്വചലച്ചിത്ര നിർമാണ പരിശീലനം | ഹ്രസ്വചലച്ചിത്ര നിർമാണങ്ങൾ സംഘടിപ്പിക്കുക | ആഗസ്റ്റ് | ✓ | ✓ | | | |
| 5 | ഹ്രസ്വചലച്ചിത്ര നിർമാണ പരിശീലനം തുടർച്ച | ഇതുവഴി പഠനത്തിലൂടെ പരിചയിച്ച സാങ്കേതിക വിദ്യകൾ പ്രായോഗിക തലത്തിൽ ഉപയോഗിക്കാനുള്ള അവസരങ്ങൾ നൽകുക | സെപ്റ്റംബർ | | | ✓ | ✓ | |
| 6 | സാങ്കേതികവിദ്യ ദുരുപയോഗം ബോധവൽക്കരണ ക്ലാസ്സ് | സൈബർ ദുരുപയോഗങ്ങൾക്കെതിരെയുള്ള ബോധവത്കരണം .മാറിമാറിവരുന്ന സാങ്കേതികവിദ്യകളെ കുറിച്ചു ഓരോ കാലഘട്ടത്തിലും രക്ഷിതാക്കളെയും വിദ്യാർത്ഥികളെയും ബോധവൽക്കരിക്കുന്നതിനാവശ്യമായ ക്ലാസുകൾ | ഒക്ടോബർ | ✓ | ✓ | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | സംഘടിപ്പിക്കുന്നു | | | | | | |
| 7 | സ്വതന്ത്രസോഫ്റ്റ് വെയർ - പ്രചരണം | സ്വതന്ത്ര സോഫ്റ്റ്‌വെയറുകളുടെ പ്രചരണം കുട്ടികളിലൂടെ നടത്തുന്നു | | | | ✓ | ✓ | |
| 8 | സ്മാർട്ട് ക്ലാസ് റൂം | സ്മാർട്ട് ക്ലാസ് റൂം ഫലപ്രദമായ രീതിയിൽ ഉപയോഗിക്കുന്നതിനായി വിഷയാധിഷ്ഠിതമായി ഐസിടി ഉപയോഗിച്ചു കൊണ്ട് ക്ലാസ് റൂം സജീവമാക്കുന്നു | നവംബർ | ✓ | ✔ | ✔ | ✔ | |
| 9 | സ്കൂൾവിക്കി പരിശീലനം | സ്കൂൾവിക്കി അപ്ഡേഷനുമായി ബന്ധപ്പെട്ട പരിശീലനക്ലാസ്സുകൾ അധ്യാപകർക്കും കുട്ടികൾക്കും നൽകൽ | ഡിസംബർ | ✔ | ✔ | ✓ | | |
| 10 | പരീക്ഷ പരിശീലനം | പത്താംതരം ഐസിടി പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന ഭിന്നശേഷി ,പഠനപിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ കണ്ടെത്തി പരിശീലനം നൽകൽ | ജനുവരി | ✓ | ✓ | ✓ | ✓ | |
| 11 | പരീക്ഷ പരിശീലനം - തുടർച്ച | പത്താംതരം ഐസിടി പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന ഭിന്നശേഷി ,പഠനപിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ കണ്ടെത്തി പരിശീലനം നൽകൽ | ഫെബ്രുവരി | ✓ | ✓ | ✓ | ✓ | |